പൈപ്പുവഴിയുള്ള ശുദ്ധജലവിതരണ സംവിധാനം ശക്തിപ്പെടുത്തൽ

*2 [414] ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധമായ കുടിവെള്ളം പൈപ്പുവഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ശുദ്ധജലം പൈപ്പുവഴി വിതരണം ചെയ്യുന്നകാര്യത്തിൽ കേരളത്തിന്റെ സ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും പിന്നിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശുദ്ധജലം ലഭ്യമല്ലാത്ത കേന്ദ്രങ്ങളിൽ, അടിയന്തിരമായി ജലമെത്തിക്കാൻ നിലവിലുള്ള സംവിധാനങ്ങളെക്കുറിച്ച്. വിശദമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. †

(ബി) അങ്ങനെ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അടിയന്തിര ഘട്ടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ടാങ്കർ ലോറികളിൽ വെള്ളമെത്തിച്ച് കുടിവെള്ളക്ഷാമം നേരിടാനുള്ള സംവിധാനം നിലവിലുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇപ്പോൾ ലോകബാങ്കിന്റെ സഹായത്തോടുകൂടി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വൻകിട പദ്ധതികളെല്ലാം 2006 കൊണ്ട് അവസാനിക്കുന്നില്ലെങ്കിൽ ആ തുക മുഴുവൻ ലാപ്സാകുമെന്നാണ് പറഞ്ഞു കേൾക്കുന്നത്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് ജലനിധി എന്ന പേരിൽ ചെറിയ ചെറിയ ഗ്രൂപ്പുകളായി ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് അവർക്ക് ഏല്പിച്ചുകൊടുക്കുന്ന ഒരു പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവസാനം അറിയുന്നത് ആ ഗുണഭോക്തൃ സമിതിയുടെ പേരിൽ വൻകിട പദ്ധതികളും ഇപ്പോൾ ടെന്റർ ചെയ്ത് നടപ്പിലാക്കുന്ന നിയമം വരുന്നുവെന്നാണ്. ഇത് കൂട്ടിവായിക്കുമ്പോൾ നമ്മുടെ ബജറ്റിൽ വാട്ടർ അതോറിറ്റിക്കുവേണ്ടിയുള്ള പണം കുറഞ്ഞു വരികയാണ്. സ്വാഭാവികമായും ജലവിതരണ രംഗത്തുനിന്ന് വാട്ടർ അതോറിറ്റിയെ ഒഴിവാക്കി സ്വകാര്യ സംരംഭകരെ ഏല്പിക്കുന്നതിന്റെ ഭാഗമല്ലേ ഗവൺമെന്റിന്റെ നടപടി എന്നാണ് അറിയേണ്ടത്?

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വാട്ടർ അതോറിറ്റിയെ ജലവിതരണ രംഗത്തുനിന്ന് മാറ്റുന്ന പ്രശ്നമില്ല. വാട്ടർ അതോറിറ്റി ആ രംഗത്ത് ഫലപ്രദമായ നടപടികളിലേയ്ക്ക് പോകുകയാണ്. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുകൾ വാട്ടർ അതോറിറ്റി നേരിടുന്നുണ്ട്. വാട്ടർ അതോറിറ്റി മറ്റു പല സ്ഥാപനങ്ങളിൽനിന്നും കടം എടുത്തുകൊണ്ടാണെങ്കിലും ജല വിതരണ രംഗത്ത് വളരെ സജീവമായി മുന്നോട്ടു പോകുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചു, ലോകബാങ്കിന്റെ സഹായത്തോടുകൂടി ഒരു ജലനിധി പദ്ധതി നടപ്പിലാക്കണമെന്ന്. അത് രണ്ടും രണ്ടു രൂപത്തിലുള്ള പദ്ധതികളാണ്. വാട്ടർ അതോറിറ്റി നടത്തുന്നത് വൻകിട പദ്ധതികളും അതേസമയം ജലനിധി നടത്തുന്നത് ഗ്രാമ പ്രദേശങ്ങളിലെ ചെറിയ ചെറിയ പദ്ധതികളുമാണ്. അത് തമ്മിൽ കൂട്ടിക്കുഴയ്ക്കാതെ മുന്നോട്ടു പോകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇവിടെ വാട്ടർ അതോറിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിന് വിഷമം ഉണ്ടാകുകയില്ല. ഞാൻ അങ്ങയുടെതന്നെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇതിനു മുമ്പുണ്ടായിരുന്ന ജലവിഭവ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള ഒരു കാര്യമാണ്. രാജക്കാട് രാജകുമാരി പദ്ധതിയുടെ പ്രശ്നം യഥാർത്ഥത്തിൽ അവിടെയുണ്ടായിരിക്കുന്ന ടാങ്ക് അല്പം മുകളിലേയ്ക്ക് ഉയർത്തിവച്ചാൽ പരിഹരിക്കുവാൻ കഴിയുന്നതാണ്. പഞ്ചായത്ത് ഭൂമി കൊടുക്കുവാൻ തയ്യാറാണ്. പക്ഷേ നാളിതുവരെ ഒരു ഈഗോയുടെ ഭാഗമാണെന്നു തോന്നുന്നു അത് ചെയ്തിട്ടില്ല, മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കരുണാപുരം പഞ്ചായത്തിൽ പൂർണ്ണമായും തമിഴ്നാടിന്റെ അതിർത്തി പ്രദേശമായ നെടുങ്കണ്ടം, പാമ്പാടുംപാറ പഞ്ചായത്തുകളിലും, വർഷങ്ങളായി മഴ ലഭിക്കുന്നില്ല. അപ്പോൾ സ്വാഭാവികമായും അവിടത്തെ ജല ദൗർലഭ്യം പരിഹരിക്കണമെങ്കിൽ ഗവൺമെൻറ് ഒരു പ്രത്യേക പാക്കേജ് കണ്ടെത്തുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ നിലയിൽ എന്തെങ്കിലും നീക്കം നടത്താൻ ഗവണ്മെൻറ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം എന്നോട് ഇതിനെക്കുറിച്ച് നേരത്തേ സംസാരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു ചർച്ച വയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിന് ഇടയിലോ അതിനു ശേഷമോ നിശ്ചയമായും ഇതിനെക്കുറിച്ച് ഒരു ചർച്ച നടത്തുന്നതാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് സിംഗിൾ പഞ്ചായത്ത് സ്കീമാണ്. സിംഗിൾ പഞ്ചായത്ത് സ്കീമിന് പ്ലാനിംഗ് ബോർഡുമായി ഡിസ്കസ് ചെയ്ത് ചില പ്രൊപ്പോസലുകൾ വച്ചിട്ടുള്ളതാണ്. അതിൽ ആയിരത്തിഎഴുപതോളം സ്കീമുകളുണ്ട്. Operational maintenance ഏറ്റെടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പഞ്ചായത്തുകാർക്ക് അത് ഏറ്റെടുക്കുവാൻ കഴിയുകയില്ലെന്ന ഒരു നിലപാട് എടുത്തിരിക്കുകയാണ്. അങ്ങ് ഉദ്ദേശിച്ച പ്രത്യേകമായ കാര്യം എന്താണെന്നുള്ളത് നോക്കാം. ആവുന്ന രൂപത്തിലുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അഡ്വാൻസ് ഡെപ്പോസിറ്റ് വഴി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ നടത്തിക്കൊണ്ടിരിക്കുന്ന സ്ക്കീം ഉണ്ടായിരുന്നു. അത് ഇപ്പോഴും നിലവിലുണ്ടോ എന്ന് അറിയാൻ ആഗ്രഹമുണ്ട്. ജലവിഭവ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധജല ആഗ്മെന്റേഷൻ സ്ക്കീമുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? ഇവ പൂർത്തീകരിക്കുമ്പോൾ സംസ്ഥാന ജനതയുടെ എത്ര ശതമാനംകൂടി പുഴവെള്ള ലഭ്യതയുള്ളവരായി തീരുമെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വാട്ടർ അതോറിറ്റിയുടെ കീഴിൽ നടത്തിക്കൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികളും, വാട്ടർ അതോറിറ്റി നേരിട്ട് നടത്തുന്ന പത്ത് പദ്ധതികളുമുണ്ട്. അതിൽ ഒന്ന്, കേന്ദ്ര ഗവൺമെൻറിന്റെ സഹായധനത്തോടുകൂടി നടത്തുന്ന 87 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളാണ്. അതിന് എ.ആർ.പി. സ്ക്കീം എന്നു പറയും. ബാക്കിയുള്ളവ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ സഹായത്തോടുകൂടി ആറ് ത്വരിത ശുദ്ധജല വിതരണ പദ്ധതികൾ, (Accelerated Urban Water Supply Scheme) തൊണ്ണൂറു ശതമാനം കേന്ദ്ര ഗവൺമെന്റ് സഹായത്തോടെയും പത്തു ശതമാനം ഉപഭോക്തൃ വിഹിതത്തോടുംകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 83 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ (Mini Water Supply Scheme), എൻ.സി.പി.സി. വാർഡുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള നാനൂറ്റി നാല്പത്തിരണ്ടു പദ്ധതികൾ, തൊണ്ണൂറു ശതമാനം കേന്ദ്ര സഹായത്തോടെയും പത്തു ശതമാനം ഉപഭോക്തൃ വിഹിതത്തോടെയും നടപ്പാക്കിവരുന്ന വർഷാ പദ്ധതി (മഴവെള്ള ശേഖരണം അതിന്റെ കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്), അതോടൊപ്പംതന്നെ എൽ.ഐ.സി., ഹഡ്കോ എന്നിവയുടെ സഹായത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ, കേന്ദ്ര സംസ്ഥാന സഹായത്തോടുകൂടി ടെക്നോളജി മിഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒമ്പത് പദ്ധതികൾ, തൊണ്ണൂറു ശതമാനം കേന്ദ്ര സഹായത്തോടെയും പത്തു ശതമാനം ഉപഭോക്തൃ വിഹിതത്തോടെയും നടത്തിക്കൊണ്ടു വരുന്ന സ്വജൽധാരാ പദ്ധതികൾ, അതോടൊപ്പം ജെ.ബി.ഐ.സി. ധനസഹായത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അഞ്ച് സബ് പ്രോജക്ടുകൾ, നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എട്ട് ശുദ്ധജല വിതരണ പദ്ധതികൾ എന്നിവയാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: വരൾച്ചയും ശുദ്ധജലക്ഷാമവും രൂക്ഷമാകുമ്പോൾ പകർച്ചവ്യാധികളും ജലജന്യ രോഗങ്ങളും നമ്മുടെ രാജ്യത്ത് സർവ്വസാധാരണമായി തീരുകയാണ്. അതുകൊണ്ടുതന്നെ പകർച്ചവ്യാധികളുടേയും ജലജന്യ രോഗങ്ങളുടേയും പിടിയിൽ അമർന്നുകൊണ്ടിരിക്കുന്ന ഗ്രാമീണ മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വരൾച്ച ബാധിത പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിന്റെ അടിസ്ഥാനത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത് ടാങ്കർ ലോറികളിലുള്ള ശുദ്ധജല പദ്ധതികളാണ്. നേരത്തേ ബഹുമാനപ്പെട്ട അംഗം ചോദിച്ചു, എം.എൽ.എ.-മാരും എം.പി.-മാരും ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടി എന്തെങ്കിലും നടപടി എടുത്തോ എന്ന്. അതിൽ ഡെപ്പോസിറ്റ് സ്ക്കീമൊക്കെ നിശ്ചയിച്ച സമയത്തിനുള്ളിൽ ചെയ്തു തീർക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. വരൾച്ചയെ നേരിടുന്നതിനു ചില പദ്ധതികൾ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടത്താനുള്ളതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരളത്തിൽ കുടിവെള്ളവും മഴവെള്ളവും സമൃദ്ധമാണെന്ന ധാരണ കേന്ദ്രത്തിൽ ഭരണം നടത്തിക്കൊണ്ടിരുന്ന എല്ലാ ഗവൺമെൻറുകൾക്കും ഉണ്ടായിട്ടുണ്ടെന്നാണ് തോന്നുന്നത്. അപ്പോൾ 'തണ്ണീർ തണ്ണീർ' പോലുള്ള സിനിമകളും തമിഴ്നാട്ടിൽ വേണ്ടത്ര വെള്ളം കിട്ടാനില്ല എന്നുള്ള ജനങ്ങളുടെ മുറവിളിയുംകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി ആവിഷ്കരണത്തിൽ ഒരുപാട് ഒരുപാട് പങ്ക് അവർക്ക് ലഭിക്കുന്ന അവസരത്തിൽ നമ്മുടെ കേരളത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ സ്ക്കീമുകളിൽ വളരെ തുച്ഛമായ പങ്കുമാത്രമേ ലഭിക്കുന്നുള്ളുവെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. ഏറ്റവും അവസാനത്തെ ഉദാഹരണം ഞാൻ പറയാം. സ്വജൽധാരാ-II വളരെയേറെ ശ്രദ്ധേയമായി. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിലും അതിനെപ്പറ്റി പറയുകയുണ്ടായി. കുടിവെള്ളം ലഭിക്കാത്ത ഗ്രാമ പ്രദേശങ്ങളിൽ വളരെവേഗം വെള്ളം എത്തിക്കുവാൻ സാധിച്ചു. ഏറ്റവും നല്ല അനുഭവമാണ്. കാസർഗോഡ് ജില്ലയിൽ പ്രസ്തുത പരിപാടി നടപ്പിലാക്കി. സ്വജൽധാര-II രണ്ടു ജില്ലകളിൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. കൊല്ലത്തും കാസർഗോഡും. കേരളത്തിലെ എല്ലാ ജില്ലകളിലും ഇപ്പോൾ കുടിവെള്ളക്ഷാമം ഗുരുതരമായിരിക്കുകയാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സെൻട്രൽ ഗവൺമെന്റ് സ്ക്കീമിൽ ഉൾപ്പെടുത്തി, സ്വജൽധാര-II ഉൾപ്പെടെയുള്ള, പദ്ധതികൾ നടപ്പിലാക്കുമോ? ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള നിരവധി പദ്ധതികളിൽ, അഞ്ചു പഞ്ചായത്തുകൾ എന്ന രീതി മാറ്റി ഏറ്റവും കൂടുതൽ വെള്ളം ജനങ്ങൾക്ക് ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ വേണമെന്ന ധാരണയോടുകൂടി അപ്രോച്ച് ചെയ്യാനും അതിനെ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ കൂടുതൽ വിപുലീകരിക്കാനും അത് പ്രവൃത്തിപഥത്തിൽ ഊർജ്ജസ്വലമായ രീതിയിൽ കൊണ്ടുവരുവാനും ജലവിഭവമന്ത്രി തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി. സെക്ടറൽ റിഫോംസിനെക്കുറിച്ചാണ് അങ്ങ് സൂചിപ്പിച്ചത്. അത് കൊല്ലം, കാസർഗോഡ് ജില്ലകളിലാണ് അനുവദിച്ചിട്ടുള്ളത്. സ്വജൽധാര-II എന്നുപറയുന്നത് സെക്ടറൽ റിഫോംസാണ്. ആ പദ്ധതിക്ക് വളരെയേറെ

ഗുണങ്ങളുണ്ട്. അങ്ങ് സൂചിപ്പിച്ചതിനോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുകയാണ്. അത് വ്യാപകമാക്കാനുള്ള മാർഗ്ഗമുണ്ടോ എന്ന് നോക്കാം. അക്കൂട്ടത്തിൽ എനിക്ക് ഒരു കാര്യംകൂടി ഓർമ്മിപ്പിക്കാനുണ്ട്. മിനിമം ഒരു പഞ്ചായത്തിൽ ഒരു പദ്ധതിയെങ്കിലും നടപ്പാക്കുക എന്ന നിലയിലേക്ക് നമുക്ക് എത്താൻ കഴിയണം. ഇപ്പോൾ 65.18 ശതമാനം ആളുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. അത് ഗ്രാമീണ ജനങ്ങൾക്ക് 59.89 ശതമാനവും നഗരവാസികൾക്ക് 80.29 ശതമാനവുമാണ്. അതിന്റെ ആവറേജ് നോക്കുമ്പോൾ 65.18 ശതമാനമാണ്. ഒരു പഞ്ചായത്തിന് ഒരു സ്കീമെങ്കിലും നടപ്പാക്കാൻ കഴിയുന്ന വിധത്തിൽ ഇതിനെ ക്രോഡീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: കേരളത്തിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്ന ഏറ്റവും ബൃഹത്തായ ഒരു പദ്ധതിയാണ് 1787.45 കോടി രൂപ ചെലവാകുന്ന ജപ്പാൻ സഹായത്തോടെയുള്ള പദ്ധതി. കണ്ണൂർ ജില്ല ഉൾപ്പെടെ അഞ്ച് ജില്ലകളിൽ ഈ പദ്ധതിയുടെ ഭാഗമായി 43 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കണമെന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. ഈ പദ്ധതിക്കുവേണ്ടി ടാർജറ്റ് പൂർത്തിയാക്കാനുള്ള സമയം തന്നെ കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതിയെപ്പറ്റി പറയാൻ തുടങ്ങിയിട്ട്. കഴിഞ്ഞ നാലഞ്ച് വർഷങ്ങളായി. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ അതിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഇന്നുവരെ കാര്യമായ ഒരു പ്രവർത്തനവും തുടങ്ങിയിട്ടില്ല. ഭൂമി എടുക്കുന്നതുപോലും പൂർത്തിയായിട്ടില്ല. 1787 കോടി രൂപ ജപ്പാൻ പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. ആ പദ്ധതി നടപ്പിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾപോലും ആരംഭിച്ചിട്ടില്ല. ഈ പരിതസ്ഥിതിയിൽ അടിയന്തിരമായി അത് ആരംഭിക്കുന്നതിന് വീണ്ടും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് അവസാനം പറഞ്ഞ വേഗത്തിൽ പോകാൻ എന്നുള്ളതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അഞ്ച് പദ്ധതികളാണ്. ഒന്ന് തിരുവനന്തപുരം, രണ്ട് മീനാട് (കൊല്ലം), മൂന്ന് ചേർത്തല, നാല് കോഴിക്കോട്, അഞ്ച് പട്ടുവം. ഈ അഞ്ച് പദ്ധതികളാണ് ജെ.ബി.ഐ.സി. സ്കീമിലുള്ളത്. അതിന്റെ കൺസൾട്ടന്റിനെ നിയമിച്ച് ഓരോ പ്രോസസ്സിൽ നിൽക്കുകയാണ്. അതിന് ഇന്റർനാഷണൽ ബിഡും ലോക്കൽ ബിഡും ഉണ്ട്. അതിൽ ചില ഘടകങ്ങളെല്ലാം ചേർത്ത് ടെണ്ടർ വിളിക്കുന്ന സ്റ്റേജിൽ എത്തിയിരിക്കുകയാണ്. അങ്ങ് പറയുന്നതുപോലെ യുദ്ധകാലാടിസ്ഥാനത്തിൽ, ടെണ്ടർ പ്രോസസ്സ് മുഖേന ഉണ്ടാകുന്ന പ്രതിഫലനങ്ങൾ അങ്ങേക്കും അറിയാവുന്നതേയുള്ളൂ. അതുകൊണ്ട് നിയമം സ്ട്രിക്ടായി പാലിച്ച് എന്നാൽ അനാവശ്യമായി സമയം കളയാതെ കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിന് നേരത്തെ ഇട്ടിരിക്കുന്ന ടാർജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ 2007-ൽ കമ്മീഷൻ ചെയ്യണമെന്നുള്ളതാണ്, അതുകൊണ്ട് 2007-ൽ കമ്മീഷൻ ചെയ്യത്തക്കവിധത്തിൽ കഴിയുന്നത്ര വേഗത്തിൽ ഈ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതാണ്. എന്നുമാത്രമല്ല, ഈ പദ്ധതിയുടെ ക്രോഡീകരണത്തിനുവേണ്ടി അടുത്തയാഴ്ച ജെ.ബി.ഐ.സി.-യുടെ ബന്ധപ്പെട്ട ആളുകളുമായി ഒരു ചർച്ച വയ്ക്കാവുന്നതാണ്. കഴിയുമെങ്കിൽ അങ്ങും ആ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുംകൂടി ഉണ്ടായാൽ കൊള്ളാമെന്ന താല്പര്യം എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.പി. രാമകൃഷ്ണൻ: സർ, ജനങ്ങൾക്ക് ശുദ്ധജലം സൗജന്യമായി എത്തിക്കുക എന്നുള്ളത് ഗവൺമെന്റ് അടിസ്ഥാന നിലപാടായി സ്വീകരിക്കേണ്ടതുണ്ട്. ഞാൻ ഒരു പ്രധാനപ്പെട്ട വിഷയം ഈ ചോദ്യത്തിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള പല പദ്ധതികളും നിലച്ചിട്ടുണ്ട്. വരൾച്ച സീസണിൽ കുടിവെള്ളം അങ്ങേയറ്റം ക്ഷാമമുള്ളതായി മാറുകയാണ്. നൊച്ചാട് പഞ്ചായത്തിലെ കിളിയായിക്കോണം, ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെങ്കോട്ടക്കൊല്ലി, പന്നിക്കോട്ടൂർ ഇതെല്ലാം ഹരിജൻ കോളനികളാണ്. ഇവിടെയെല്ലാം ജലവിതരണം നിലച്ചിരിക്കുകയാണ്. പഞ്ചായത്തുകൾക്ക് ആവർത്തനചെലവ് വഹിക്കുന്നതിനുവേണ്ടി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്താൻ അംഗീകാരമില്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന് അംഗീകാരം നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ ഞാൻ ഒരു ചെറിയ സൂചനയും പരാമർശവും നടത്തിയിരുന്നു. സിംഗിൾ പഞ്ചായത്ത് സ്കീമുകൾ നമുക്ക് ഭംഗിയായി കൊണ്ടുപോകാൻ കഴിയണം. പക്ഷേ ചില പ്രശ്നങ്ങൾ അതിൽ നിൽക്കുന്നുണ്ട്. അത് അങ്ങേക്കും അറിയാവുന്ന കാര്യങ്ങളാണ്. സമയ പരിമിതി കൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പക്ഷേ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ ഇൻഹാബിറ്റന്റ് സിനുവേണ്ടി ശുദ്ധജലം എത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് ഒരു സബ്സ്റ്റാൻഷ്യൽ ഫണ്ട് അവരുടെ ഡിപ്പാർട്ടുമെന്റിൽ നിന്ന് നൽകുമെന്ന് എഴുതിയിട്ടുണ്ട്. ആ തുക കിട്ടുകയാണെങ്കിൽ കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

ശ്രീ. ടി.പി. രാമകൃഷ്ണൻ: ഇപ്പോൾ കമ്മീഷൻ ചെയ്തിട്ടുള്ള പദ്ധതികളെല്ലാം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. ഞാൻ ഇന്നലെ അരിക്കുളം പഞ്ചായത്തിലെ പുതേരിപ്പാറ കുടിവെള്ള പദ്ധതി സന്ദർശിച്ച സമയത്ത് അവിടെയുള്ള 25 ടാപ്പുകളിൽ എട്ടെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ; മാസങ്ങളായി മറ്റ്

17 ടാപ്പുകളിൽക്കൂടി വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഇത് ഒരു പ്രദേശത്തെ മാത്രം സ്ഥിതിയല്ല. അതുകൊണ്ട് സംസ്ഥാനത്തെ മൊത്തം സ്ഥിതി പരിശോധിച്ച് കമ്മീഷൻ ചെയ്ത പദ്ധതികളെല്ലാം പൂർണ്ണമായും പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഒറ്റപ്പെട്ട ഇത്തരം കാര്യങ്ങളുണ്ടെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളുണ്ടെങ്കിൽ വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചാൽ അടിയന്തിരമായി നടപടിയെടുക്കണമെന്ന് അറിയിച്ചിട്ടുണ്ട്. ടാപ്പുകളുടെ കാര്യത്തിൽ ഒരു പ്രശ്നമുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു ചോദ്യത്തിന് ഉത്തരമായി ടാപ്പുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. ഏതെങ്കിലും ടാപ്പുകൾ പ്രവർത്തന ക്ഷമമല്ല നന്നാക്കണമെന്നുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ ചെയ്യാം. ഏതെങ്കിലും ടാപ്പുകൾ പൂട്ടണമെങ്കിൽ അതിനുള്ള റസലൂഷൻ പാസ്സാക്കി തന്നാൽ അത് പരിഹരിക്കാം. പുതിയ ടാപ്പുകൾ ഇടണമെന്നുണ്ടെങ്കിൽ ആ പ്രോസസ്സിലൂടെ പോയാൽ ഡിപ്പാർട്ടുമെന്റ് ചെയ്ത് തരുന്നതാണ്.

<u>ശ്രീമതി രാധാ രാഘവൻ:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ വേമം-നെല്ലൂർനാട് ശുദ്ധജലവിതരണ പദ്ധതിയുടെ പുരോഗതി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ;

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ആ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ കൊണ്ടുപോകുകയാണ്. കഴിയുന്നത്ര വേഗം അത് കമ്മീഷൻ ചെയ്യുന്നതിനു വേണ്ടിയുള്ള ശ്രമത്തിലാണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട അംഗത്തിനും ആ കാര്യം അറിയാം. എനിക്ക് നേരത്തെ ഇത് സംബന്ധിച്ച് ഒരു കത്ത് തന്നിരുന്നതാണ്. ഞാൻ ബഹുമാനപ്പെട്ട അംഗവുമായി വ്യക്തിപരമായി സംസാരിച്ചിരുന്നതുമാണ്.

<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u> സർ, 1960-70 കാലഘട്ടങ്ങളിൽ ഇട്ട പൈപ്പ്ലൈനുകൾ മിക്കവാറും കേടായതുകാരണം അഴുക്ക് വെള്ളം അകത്തേക്ക് വരികയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്ക് സ്വാഭാവികമായും ഒരു പ്രത്യേക പരിഗണന കൊടുത്ത് പൈപ്പ് മാറ്റുന്നത് ഒരു സ്ഥിരം നടപടിയാക്കാൻ ദയവുണ്ടാവുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പണ്ടൊരിക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ ചാർജ്ജുണ്ടായിരുന്ന അങ്ങേയ്ക്ക് തന്നെ ഇതിന്റെ പ്രശ്നങ്ങൾ എന്താണെന്ന് അറിയാം. പൈപ്പുകൾ റീ-ഹാബിലിറ്റേറ്റ് ചെയ്യുന്നതിന് ഒരു പദ്ധതിയിലേക്ക് പോകണം. കോടാനുകോടി രൂപ ഉണ്ടെങ്കിൽ മാത്രമേ ആ പദ്ധതിയിലേക്ക് നമുക്ക് വരാൻ പറ്റുകയുള്ളൂ. എങ്കിൽപ്പോലും അങ്ങയെപ്പോലെ പരിണിത പ്രജ്ഞനായ ഒരു അംഗത്തിന്റെ നിർദ്ദേശം പരിഗണിച്ചു ഒരു ഫെയ്സ്ഡ് മാനറിൽ ഗവൺമെന്റിന്റെ ധനസ്ഥിതിക്ക് വിധേയമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം.എ. കുട്ടപ്പൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ പ്രഥമ സ്ഥാനത്തുള്ളത് കുടിവെള്ള ക്ഷാമമാണ്. ഏത് പട്ടണം എടുത്താലും കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഗൾഫിലും യൂറോപ്പിലും അമേരിക്കയിലും കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ വ്യാപകമായി നിർമ്മിച്ചുവരികയാണ്. ഇൻഡ്യയിലാകട്ടെ തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും കേന്ദ്ര സഹായത്തോടുകൂടി തീരപ്രദേശത്ത് ഈ പ്ലാന്റുകൾ നിർമ്മിച്ചിതിക്കുകയാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായിട്ടുണ്ട്. പുഴവെള്ളം കിട്ടാനില്ല. ലോകത്തുള്ള ജലത്തിന്റെ ഒരു ശതമാനം മാത്രമേ പുഴവെള്ളം ഉള്ളൂ എന്നും 99 ശതമാനം കടൽ വെള്ളമാണ് എന്നുമാണ് പറയപ്പെടുന്നത്. അങ്ങ് പറയാൻ പോകുന്നത് കടൽവെള്ളം ശുദ്ധീകരിച്ചാൽ ചെലവ് കൂടുമെന്നാണ്. മിനറൽ വാട്ടറിന്റെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കടൽവെള്ളം ശുദ്ധീകരിച്ചാൽ ചെലവ് കുറവാണ്. സംസ്ഥാന ഗവൺമെന്റ് സബ്സിഡി കൊടുത്തുകൊണ്ട് തീരപ്രദേശങ്ങളിൽ കുടിവെള്ളം കിട്ടാൻ വേണ്ടി കടൽവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞ ടെക്നോളജി എന്താണെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. പക്ഷേ അങ്ങ് തന്നെ സമ്മതിക്കുന്നതുപോലെ ചെലവാണ് പ്രധാനപ്പെട്ട പ്രശ്നം. അത്രയും വലിയ ചെലവ് ഈ ചെറിയ സംസ്ഥാനത്തിന് ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും ഈ ടെക്നോളജി കേരളത്തിന്റെ പരിസ്ഥിതിക്ക് ചേരുന്നതാണെങ്കിൽ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. എ. അസീസ്: സർ, കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിലാണ് ട്യൂബ് വെല്ലുകളും ബോർ വെല്ലുകളും ഫലപ്രദമാകുന്നത്. സമയബന്ധിതമായി അതിന്റെ തകരാറുകൾ ചെയ്തു തീർക്കുന്നതിന് വാട്ടർ അതോറിറ്റി പണമില്ലെന്നുള്ള കാരണം പറഞ്ഞ് നീട്ടിക്കൊണ്ടു പോവുകയാണ്. അതുമൂലം പൈപ്പ് വഴിയുള്ള കുടിവെള്ളം എത്തിക്കാൻ യഥാസമയം കഴിയുന്നില്ല. അതുകൊണ്ട് ട്യൂബ് വെല്ലുകളും ബോർ വെല്ലുകളും ഓവർഹെഡ് ടാങ്കുകളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സമയത്ത് സമയബന്ധിതമായിത്തന്നെ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞത് ശരിയാണ്. നമ്മുടെ സംസ്ഥാനത്ത് ട്യൂബ് വെല്ലുകളും ബോർ വെല്ലുകളും ധാരാളമുണ്ട്. പക്ഷേ അത് കുഴിച്ച ഏജൻസികൾ പലതാണ്. വാട്ടർ അതോറിറ്റി നേരിട്ട് ചെയ്തത് ഉണ്ടാവാം, സ്വകാര്യ ഏജൻസികളെക്കൊണ്ട് പഞ്ചായത്ത് ചെയ്യിച്ചതുണ്ടാവാം, സ്വകാര്യ ഏജൻസികളെക്കൊണ്ട് വ്യക്തികൾ ചെയ്തതുമുണ്ടാവാം. ഇതിൽ വാട്ടർ അതോറിറ്റി നേരിട്ട് ചെയ്ത ട്യൂബ് വെല്ലുകളും ബോർ വെല്ലുകളും റിപ്പയർ ചെയ്യാനുള്ള ബാദ്ധ്യത വാട്ടർ അതോറിറ്റിക്ക് തന്നെയാണ്. അതിൽ ഏതെങ്കിലുമൊന്ന് ചൂണ്ടിക്കാണിച്ചാൽ അത് നടത്തുന്നതിനു വേണ്ട നിർദ്ദേശം നൽകാം. പക്ഷേ മറ്റ് ഏജൻസികൾ ചെയ്തിട്ടുള്ളത് ഉണ്ടെങ്കിൽ ആ ഏജൻസികളെക്കൊണ്ട് തന്നെ അതിന്റെ റിപ്പയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തണം. അതിന്റെ സാമ്പത്തിക സ്ഥിതി ഏറ്റെടുക്കാനുള്ള ശേഷി ഇപ്പോൾ വാട്ടർ അതോറിറ്റിക്ക് ഇല്ല. അതാണ് സത്യം.

മി. സ്പീക്കർ: പരമാവധി അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവസരം കൊടുക്കണമെന്നതാണ് ചെയറിന്റെ സമീപനം. പക്ഷേ ദൗർഭാഗ്യവശാൽ ചോദ്യങ്ങൾ കിട്ടിയവർ തന്നെ ദീർഘമായി ആമുഖം നടത്തുകയാണ്. ചോദ്യം ചോദിക്കാനുള്ള പരിശീലന ക്ലാസ്സ് ഇനി നടത്താൻ പറ്റില്ല. ദയവ് ചെയ്ത് എല്ലാവരും സഹകരിക്കണം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വനത്തിലെ ജലസ്രോതസുകളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിനുള്ള പദ്ധതികൾ

*3 [415] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, ജോർജ് ജെ. മാത്യു :
,, ഡി. സുഗതൻ :
,, വി. ജെ. പൗലോസ് :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിലെ ജലസ്രോതസുകളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കുവേണ്ടി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതികൾ നടപ്പാക്കുവാൻ എന്തുതുക വേണ്ടിവരുമെന്നും അത് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) രണ്ടു പദ്ധതികൾ ഇപ്പോൾ പരിഗണനയിലുണ്ട്.

1. കേരളത്തിലെ വനപ്രദേശങ്ങളിൽപ്പെട്ട തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി അഞ്ചു വർഷംകൊണ്ട് നടപ്പിലാക്കാവുന്ന 400 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി തയ്യാറാക്കി 25-9-2004 തീയതിയിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിദേശ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി ഇപ്പോൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[14-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *2 (414) ദയവായി കാണുക]

(1) കേരള ജല അതോറിറ്റി നടപ്പിലാക്കുന്നപദ്ധതികൾ

ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തി 65.18% ജനങ്ങൾക്ക് (ഹൗസ് കണക്ഷൻ മുഖേനയും പൊതുടാപ്പുകൾ വഴിയും) ശുദ്ധജലം നൽകിവരുന്നു. ഈ നില മെച്ചപ്പെടുത്തുന്നതിനും കുറഞ്ഞ അളവിൽ ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ തോതിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുമായി വിവിധ ധനകാര്യ ഏജൻസികളുടെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടേയും സഹായത്തോടെ ഏറ്റെടുക്കുന്ന പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിൽനിന്നും തെരെഞ്ഞെടുത്ത പദ്ധതികൾ സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. അടുത്ത ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 152 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പഴയ മോട്ടോറുകളും ഉപകരണങ്ങളും മാറ്റി സ്ഥാപിച്ചും പൈപ്പു ലൈനിൽ അറ്റകുറ്റ പ്പണികൾ നടത്തിയും സാങ്കേതിക സാദ്ധ്യതയ്ക്ക് വിധേയമായി പൈപ്പുലൈനുകൾ നീട്ടി സ്ഥാപിച്ചും സ്രോതസ്സുകളും സംഭരണികളും മെച്ചപ്പെടുത്തിയും ശുദ്ധമായ കുടിവെള്ളം പൈപ്പുവഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിവരുന്നു.

ജെ. ബി. ഐ. സി. സഹായത്തോടെ 1787.45 കോടി രൂപ ചെലവിൽ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ 43 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകും. രജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ കീഴിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും കുടിവെള്ളമെത്തിക്കുവാൻ പ്രോജക്ട് അടിസ്ഥാനത്തിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നുണ്ട്.

(2) ജലനിധി പദ്ധതികൾ

59 പഞ്ചായത്തുകളിൽ 1088 ശുദ്ധജലവിതരണ ഗുണഭോക്തൃ സമിതികൾ മുഖേന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകളിലെ നാല് ബാച്ചുകളിലായി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയുടെ ഒന്നാമത്തെ ബാച്ചിലെ പണികൾ പൂർത്തിയായി, ബാച്ച് രണ്ടിൽ ഏകദേശം 85% പണിയും പൂർത്തിയായിരിക്കുന്നു. ബാച്ചു മൂന്നിലെ പണി നടന്നു വരുന്നു. ഇതു കൂടാതെ ഈ ജില്ലകളിൽ തന്നെ ബാച്ച് നാലിൽ ഉൾപ്പെടുത്തി 19 പഞ്ചായത്തുകളിൽകൂടി പദ്ധതി നടപ്പിലാക്കുവാനും, സംസ്ഥാനത്തെ മറ്റ് പത്തു

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ ആദ്യഘട്ടം എന്ന നിലയിൽ ഇരുപതു പഞ്ചായത്തുകളിൽ കൂടി ശുദ്ധജല വിതരണ പദ്ധതി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(3) സ്വജലധാര-II (കൊല്ലം, കാസർഗോഡ് ജില്ല) പദ്ധതികൾ

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കൊല്ലം, കാസർഗോഡ് ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലകളിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന സെക്ടർ റിഫോംസ് പ്രോജക്ടിന്റെ തുടർച്ചയായി 2004 ഏപ്രിൽ മുതൽ തുടർന്നു വരുന്ന സ്വജൽധാര-2 പ്രോജക്ട് കുടിവെള്ളം പൈപ്പുവഴി ഓരോ കുടുംബത്തിനും എത്തിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനു പുറമെ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

അനുബന്ധം II

[14-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *12 (424)ദയവായി കാണുക]

ഡിസ്റ്റില്ലറിയുടെ പേര്

- രാക്ഡവൽ ഡിസ്റ്റില്ലറി, ചേർത്തല
- ട്രാവൻകൂർ ഷുഗർസ് ആന്റ് കെമിക്കൽസ്, തിരുവല്ല
- കാസനോവ ഡിസ്റ്റില്ലറി, കോട്ടയം
- കെ.സി. ഡിസ്റ്റില്ലറി, തൃശ്ശൂർ
- എസ്. ഡി. എഫ്. ഇൻഡസ്ട്രീസ്, തൃശ്ശൂർ
- പോൾസൻ ഡിസ്റ്റില്ലറി, തൃശ്ശൂർ
- യുണൈറ്റഡ് ഡിസ്റ്റില്ലറി, കോഴിക്കോട്
- ചിക്കോപ്സ് ഡിസ്റ്റില്ലറി, പാലക്കാട്
- ഇൻഡോ സ്കോട്ടിഷ് ബ്രാൻഡ് ഡിസ്റ്റില്ലറി, എറണാകുളം
- ദേവികുളം ഡിസ്റ്റില്ലറി, എറണാകുളം
- നോർമാൻഡി ബ്രിവറീസ് ആന്റ് ഡിസ്റ്റില്ലറീസ് പ്രൈവറ്റ് ലിമിറ്റഡ്, കാസറഗോഡ്
- പാലക്കാട് ഡിസ്റ്റില്ലറി, പാലക്കാട്

LIBRARY ARCHIVES Kerala Legislative Assembly